പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2254 10.10.2011- ലെ മറുപടി

## കൺസഷൻ കൗണ്ടർ മാറ്റാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കൽപ്പറ്റ ഡിപ്പോയിൽ നിന്നും വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള കൗണ്ടർ പുതിയ ബസ് സ്റ്റാന്റിലേക്ക് മാറ്റിയതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും (സി) യും | കൽപ്പറ്റ പഞ്ചായത്ത് ബസ്സ് സ്റ്റാന്റിൽ പ്രവർത്തിച്ചിരുന്ന കൺസഷൻ ടിക്കറ്റ് കൗണ്ടർ കൽപ്പറ്റ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആവശ്യമായ സൗകര്യം ഉള്ളതുകൊണ്ടാണ് മാറ്റിയത്. കൺസഷൻ ടിക്കറ്റ് കൗണ്ടർ ഡിപ്പോയോട് ചേർന്ന് പ്രവർത്തിക്കുന്നതാണ് പ്രായോഗികമായി സൗകര്യപ്രദം. ദിവസവും കൺസഷൻ ടിക്കറ്റുമായി പഞ്ചായത്ത് ബസ്സ് സ്റ്റാന്റിലെ കൗണ്ടറിലേക്ക് പോകുന്നതും പണം അടയ്ക്കുന്നതിനായി തിരിച്ച് ഡിപ്പോയിലേക്ക് വരുന്നതുംമൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മെയിൻ റോഡിൽ നിന്നും കഷ്ടിച്ച് 300 മീറ്റർ മാത്രം ദൂരമുള്ള ഡിപ്പോയിൽ വന്ന് കൺസഷൻ ടിക്കറ്റ് എടുക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമായി കരുതുന്നില്ല. ആയതിനാൽ നിലവിലുള്ള സംവിധാനം മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഏകദേശം അറുപത് രൂപ ഓട്ടോ ചാർജ്ജ് നൽകിയാണ് വിദ്യാർത്ഥികൾ പ്രസ്തുത ഓഫീസിലെത്തി കൺസഷന് അപേക്ഷിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | വിദ്യാർത്ഥികൾക്കുള്ള കൺസഷൻ വിതരണം ടൗണിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന പഴയ ബസ് സ്റ്റാന്റിലുള്ള സ്റ്റേഷൻ ഓഫീസറുടെ ഓഫീസിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ